**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2461** **12-12-2022 - ൽ മറുപടിയ്ക്ക്**

**കൊല്ലം ജില്ലയിലെ നബാർഡ് സഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നബാർഡ് സഹായ പദ്ധതികൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമം വ്യക്തമാക്കാമോ; | (എ) | ധനകാര്യ വകപ്പാണ് നബാർഡ് പ്രവർത്തനങ്ങളുടെ സംസ്ഥാനത്തെ നോഡൽ വകുപ്പായി പ്രവർത്തിക്കുന്നത്. ഓരോ ട്രാൻഷെയിലും ധനകാര്യ വകുപ്പിൽ നിന്നും അലോക്കേഷൻ ലഭിക്കുന്ന മുറയ്ക്ക്, തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തികളിൽ, ജില്ലകളിൽ നിന്ന് ഗ്രാമം, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ മുഖേന നബാർഡ് മാനദണ്ഡങ്ങൾ പ്രകാരമുള്ള DPR-കൾ ലഭ്യമാക്കി പരിശോധിക്കുകയും പ്രസ്തുത DPR-കൾ ധനകാര്യ വകുപ്പ് മുഖേന നബാർഡിലേക്ക് അംഗീകാരത്തിനായി നൽകുകയും ചെയ്യുന്നു. നബാർഡ് അംഗീകരിക്കുന്ന DPR-കൾക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് ടി പ്രവർത്തികൾ, ഗ്രാമവികസന കമ്മീഷണർ, നിർവ്വഹണ ഏജൻസികൾ മുഖേന നടപ്പിലാക്കുന്നു. |
| (ബി) | സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിലാണ് നബാർഡ് സഹായ പദ്ധതികൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | അഗ്രികൾച്ചർ സെക്ടർ, സാമൂഹിക അടിസ്ഥാന സൗകര്യ വികസനം, റൂറൽ കണക്റ്റിവിറ്റി എന്നീ മേഖലകളിലാണ് പ്രധാനമായും നബാർഡ് സഹായ പദ്ധതികൾ നിലവിലുള്ളത്. |
| (സി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിൽ അനുവദിച്ച പ്രസ്തുത പദ്ധതികളുടെ വിശദാംശം നൽകുമോ; | (സി) | അലോക്കേഷൻ ലഭിക്കാത്തതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം ജില്ലയിൽ നബാർഡ് പദ്ധതികൾ അനുവദിച്ചിട്ടില്ല. ആയതിനാൽ തന്നെ പരിഗണനയിലുള്ള പദ്ധതികളും ഇല്ല. |
| (ഡി) | നബാർഡ് സഹായ പദ്ധതികളിൽ കൊല്ലം ജില്ലയിൽ പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | അലോക്കേഷൻ ലഭിക്കാത്തതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം ജില്ലയിൽ നബാർഡ് പദ്ധതികൾ അനുവദിച്ചിട്ടില്ല. ആയതിനാൽ തന്നെ പരിഗണനയിലുള്ള പദ്ധതികളും ഇല്ല. |

സെക്ഷൻ ഓഫീസർ